MR. KAINIKKARA M. PADMANABHA PILLAI: നെല്ലു്. My proposal made the other day was this; that the forest areas covered with grass and no trees can be leased out. There need be no fear of any destruction of trees because there are no trees to be destroyed. If this is done during war time it will substantially increase the output of paddy for the time being. At the same time, if the Conservator would find out some variety of valuable timber which could be profitably grown on these hills the lease may be made on the Taungaya system, so that while at present it will increase the output of paddy, at the end of the tenure when the land comes back it will be a rich forest land. I want to make it clear that I had absolutely no misunderstanding about the lake or swampy areas.

MR. K. DOMINIC JOSEPH: May I know from the member whether paddy will grow in the grassy lands in the High Ranges?

MR. KAINIKKARA M. PADMANABHA PILLAI: I may inform the honourable member that it will grow there. I have some experience of cultivating paddy on the grassy lands on the High Ranges.

LIBRARY ARCHIVES Kerala Legislative Assembly

MR. M. R. NARAYANA PILLAI: May I know from the honourable member the name of any such grassy hill where paddy has been cultivated.

MR. KAINIKKARA M. PADMANABHA PILLAI: I do not know whether hills are called Rama, Krishna or Govinda. But in Devicolom Taluq I know from practical experience that grassy lands have been cultivated.

SADASYATILAKA T. K. VELU PILLAI: Sir, I do not claim to be a great agriculturist, but I know—

MR. KAINIKKARA M. PADMANABHA PILLAI: Is the member a small agriculturist?

SADASYATILAKA T. K. VELU PILLAI: It is a relative matter. But I know something about agriculture.

MR. KAINIKKARA M. PADMANABHA PILLAI: Is it from books or actual experience?

SADASYATILAKA T. K. VELU PILLAI: I belong to a family who were agriculturists for years and years.

PRESIDENT: The honourable member may proceed.

SADASYATILAKA T. K. VELU PILLAI: I am very thankful to you Sir. I do not want to get into that kind of thing. I want only to raise those questions which are absolutely relevant before the House and I shall dispense with answering Mr. Padmanabha Pillai, because the assumption made by him will not weigh with Government. It was only a matter of opinion and I do not know why that was ferreted out and explanations were offered by two honourable members. Irrespective of that opinion, independent of that opinion, I have to say certain things on the floor of this House.

So far as grassy land is concerned, my experience and study enables me to say that in Peermade and other places where there is grassy land no body has attempted paddy cultivation and that the very classification of grassy lands means that there cannot be very much of profitable cultivation of paddy in those places. It is in comparatively low-lying lands that paddy is tried. Successful cultivation of paddy is possible in the low-lying lands. In the swampy areas within the forests, there may be opportunity and facility to have paddy cultivation, but I repeat Sir, that there cannot be very successful cultivation of paddy on these hills known as grassy hills in technical language. I am speaking subject to correction.

PRESIDENT: I do not know whether that is quite accurate.

While not being prepared to hazard any dogmatic opinion with regard to the possibilities of Travancore, on the Himalayan slopes, I can say, that up to about 3,000 to 4,000 feet paddy is grown by proper terracing. In the Kodaikanal Hills, from enquiries I have been making, I find that paddy is grown up to about 3,500 feet, up to a place called Chempakanur. And practically the whole cultivation of Japan is on grassy hills; and it is one of the greatest wonders of scientific agriculture. By a system of very careful terracing, very careful manuring, spraying and all the rest of it, they have devoted tremendous attention

LIBRARY ARCHIVES Kerala Legislative Assembly

to the cultivation of paddy and practically each blade of rice was looked after as a separate member of the family and they have paddy cultivation up to 4,000 to 5,000 feet. It is thus that Japan has really come into its present state of practical self-sufficiency with regard to rice. Japan's arable area originally 40 or 50 years ago, was only productive of 1/3 of its rice capacity. It now produces three-fourths of its rice demand, by full extension of cultivation, by terracing and by improved methods.

MR. SADASYATILAKA T. K. VELU PILLAI: Sir, I am very grateful to you for your observations. I may say that though nature has been very bountiful in various respects, she has been very partial in regard to the subsoil in our state. In regard to a great deal of these grassy lands, the sub soil is very poor and unless we revolutionise our methods of agriculture and the Engineering, the Agriculture and the Forest Departments work together for a considerably long time in unison, there is no possibility of getting a good subsoil conducive to the cultivation of paddy. The sub-soil itself is very often of laterite. I would suggest that the Conservator of Forests may first test whether so far as these grassy lands are concerned, the sub soil is not laterite and whether paddy cultivation is possible. Especially when an opinion is given by you in the hope that Travancore might be saved, I am sure that the Almighty will help us and that may be possible. I find this is a very delicate matter, because many people come and say that swampy areas are good for cultivation and may be registered; while others come and say that it is not so and that they need not be registered. The truth lies between the two. It is for an expert with experience of this and other countries, with high academical knowledge, it is for a man who has bestowed thought and who has experience to decide whether particular swampy areas can be thrown open for paddy cultivation. I do not wish that the House should be bogged and befogged in academic studies and untested opinions. I find people with very great experience in this country coming forward in this Assembly and saying it on the floor of this House times without number and because Government was pleased some time ago to appoint a Committee to select these swampy areas and open them for registry, I still believe there is a possibility of some lands within the forests being brought under cultivation without prejudice to the claims of forest conservation. It is only subject to the great scientific principle adopted by the Travancore Government that I am saying this. If there are suitable lands, I say that they may be given on lease. My friend Mr. Padmanabha Pillai has stated his opinion and I have stated mine. Government themselves said on the floor of the House that some 700 acres have been thrown open in the reserve forest for the purpose of temporary cultivation.

MR. M. R. NARAYANA PILLAI: May I know whether the honourable member means that land from the swampy area may be given on lease to hononrable members of this House as well.

LIBRARY ARCHIVES Kerala Legislative Assembly

SADASYATILAKA T. K. VELU PILLAI: Certainly. That is a very important question. The fact that a person is either member of this House or an officer of Government does not make him unfit to be treated as a subject of His Highness the Maharaja and he too must have the same right as any other person who is neither a non-official member of this House nor an officer of Government. But if anybody were to say that the avenue road or the plot of land before the Council Chamber, or this Clock Tower, might be registered I should think he is a great sinner. If any Conservator of Forests or the Dewan were to sanction the registry I should certainly protest and say it is wrong. But Sir, when there are lands in the forest where the elephant roars and where man-eating tigers are plying their tricks and when by cultivation of lands without hindering the preservation of forests man may earn the living by getting these lands registered and when he is able to pay a revenue to this State, I am asking what difference does it make between officials, non-officials or members of the Legislature or any other class or classes of men or women. I say to my friend Mr. Narayana Pillai that such lands if available should be given to any person whether he occupies a public or a private position but I would emphatically state that no such land should be given to any person for the mere reason that he is this or that person, or that he is a member of this House or the other House or an officer of Government. If such a thing is done, Sir, I cannot find words to express adequately my opinion in regard to it. I shall surely disapprove of it.

MR. KANNANTHODATH JANARDANAN NAIR: May I know from the honourable member whether he has any objection for the registry of such lands to honourable members in return for some service rendered by them?

SADASYATILAKA T. K. VELU PILLAI: Sir, I do not propose to talk on behalf of Government.

PRESIDENT: Why should honourable members discuss the question of possible application which will be dealt with in the usual course, when it comes.

SADASYATILAKA T. K. VELU PILLAI: Sir, with your permission I shall read two passages from volume V of the Travancore Land Revenue Manual. I am now reading from page 516.

"ഒന്നാമത്ത്. കന്നികൃഷിം മേടം മുന്നപൂവിലും കൃഷിയുള്ള നിലങ്ങളിൽ നാഴി നിലംപോലും തരിശ്ശുവരാതെ പയിര ചെയ്യാന്തുള്ളതാകകൊണ്ട് അതിനു ണ്ണം കരിയായിട്ട കൃഷി ഇറക്കുന്നതിനു മുമ്പിൽക്കൂട്ടി ചട്ടംകെട്ടി കൃഷി സമയങ്ങളിൽ തഹശീൽദാരും സമ്പ്രതികാരന്മാരുംചെന്ന പുറപ്പെടുവിച്ചു കൂടി കരുതെ ഉത്സാഹപ്പെടുത്തി കൃഷിചെയ്യിക്കുന്നുമല്ലാതെ ചാകടി പോകടി ഉരുപ്പടി യകയിൽ നിലങ്ങൾ തരിശായിട്ട കിടപ്പുണ്ടായ്തന്നാൽ തക്ക ആളുകളെ ഏർപ്പെടുത്തി പാതിവാരമായിട്ട കൃഷിപ്പിച്ചു നടത്തിച്ചു അതിനുണ്ണം പൂവുതോറുംനോക്കി ചട്ടം കെട്ടിനു വിവരത്തിനു റിപ്പോർട്ട് കൊടുത്തയച്ചുകൊള്ളണം".

LIBRARY ARCHIVES Kerala Legislative Assembly

The next passage is from page 518.

"സഭ-ാമത്. ഓരോ ഏക്രാകളിൽ പുരവായിട്ടുള്ള കൃളങ്ങൾ എത്രയുണ്ടെന്നു തിട്ടം വങ്ങി വരുമ്പോ എഴുതിച്ചു കൊടുത്തയച്ചു അതിൽകൂടിയാന വന്മാരെക്കൊണ്ടു വെട്ടിപ്പിപ്പാനുള്ളതു അതിനുമണ്ണും വെട്ടിക്കയും പുതുരവക യിൽനിന്നും വെട്ടിപ്പിപ്പാനുള്ളതായിട്ടു കാണുന്ന വകകൾ ഈടങ്കൽ കണ്ടു വരുമ്പോ കൊടുത്തയക്കയും ചെയ്തുകൊള്ളുകയും വേണം".

I am reading these not as a direct authority but an authority fromwhich the policy of Government could be inferred. This contemplates land on the hill side not being preserved. In those days there were practically no reserve forests. All forests were a kind of no man's land. But now things are all different. The times are different. The rules are very stringent. I am only saying that if swampy areas are available those can be given on the definite assurance that they will be cutivated and not kept with a sort of dog-in-the-manger policy. In that case I think this motion will be accepted at this time when production is important and in case it may be temporarily permitted without the interest of the forest being affected. It may also be given permanently if it is possible to do so without detriment to the interests of the forest. For these reasons I support the motion before the House.

MR. M. RAMIAHA PILLAI: സർ, ഞാൻ പ്രതിനിധീകരിക്കുന്ന നെടുമങ്ങാട് താലൂക്കിൽ ഉഴമലയ്ക്കൽ, പാലോട് ഈ പ്രകൃതികളിൽ ധാരാളം റിസർവ്വ് വനങ്ങൾ അടങ്ങിയിരിയ്ക്കുന്നു. കൃഷിക്കുപയോഗപ്രദമാക്കുവാനുള്ള സാഹചര്യം അവിടെ വേണ്ടുവോളമുണ്ടു. ഇക്കാര്യത്തിൽ ഫാറസ്റ്റ് കൺസർവേറുടെ ശ്രദ്ധയെ ക്ഷണിക്കുന്നതിലേക്കായി ഞാൻ രണ്ടു മൂന്നു പ്രാവശ്യം ഈ സഭയുടെ മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ടു്. നെടുമങ്ങാട്ടു പൊങ്കോട്ടറോഡിന്റെ രണ്ടുവശവും വലിയ ജനസഞ്ചാരമില്ലാത്തതും വന്യമൃഗങ്ങളുടെ ഉപദ്രവം ഉള്ളതുമായ സ്ഥലങ്ങൾ ഏറെയുണ്ടു്. ഇത്തരം സ്ഥലങ്ങൾ കൺസർവേറർ മാക്കു് ചെയ്തു് ബ്ലാക്കു ബ്ലാക്കായി തിരിച്ചു സാധുക്കൾക്കു് പതിച്ചുകൊടുത്തു കൃഷി ചെയ്യുന്നതിനു് പ്രോത്സാഹിപ്പിക്കുന്നതു് എത്രയും ഗണ്യമായ പുണ്യമായിരിക്കുന്നതും അങ്ങനെ ചെയ്യുന്നതു് ഭക്ഷണസാധനങ്ങൾ കൂടുതൽ വിളയിക്കേണ്ട ഈ സന്ദർഭത്തിൽ വളരെ അത്യാവശ്യവുമാണു്. നെടുമങ്ങാട്ടു താലൂക്കിൽ ധാരാളം ഏസ്റ്റേറുകാം ഇവിടെ ഉള്ള ആഫീസറന്മാർക്കുണ്ടു്. എന്നിരുന്നാലും താലൂക്കിലേയ്ക്കു് ആവശ്യമുള്ള പല സഹായങ്ങളും ചെയ്തുകൊടുക്കാൻ നിഷ്പ്രയാസം സാധിക്കുമെന്നുള്ള സ്ഥിതിക്കു അങ്ങനെയുള്ള യാതൊരു സഹായങ്ങളും ചെയ്യാതിരിക്കുന്നതു കഷ്ടാൽകഷ്ടതരമാണെന്നു പ്രത്യേകം പറയേണ്ടതായില്ല. ശ്രീമാൻ ടി. കെ. വേലുപ്പിള്ള അവർകൾ റവന്യൂമന്ത്രിയിൽ നിന്നും അനക്കുഴിയുടെ കാര്യം എടുത്തുദ്ധരിച്ചതു നെടുമങ്ങാട്ടിനെ പരാമർ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Ramiaha Pillai]

ശിച്ചില്ലയോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ വിഭാഗിക്കപ്പെട്ടിരിക്കുന്ന നെടുമങ്ങാട്ടെ റിസർവ്വുവനങ്ങളും കൃഷിക്കു പറ്റുംവണ്ണമാക്കത്തക്കനടപടികളും ഗവണ്മെന്റു ഉടനടി എടുക്കണമെന്നപേക്ഷിക്കുന്നു.

MR. TARIATUKUNJITHOMMEN. സർ, ഞാൻ ഈ ഉപക്ഷേപത്തിന്റെ തത്വത്തോടു പൂർണ്ണമായി യോജിക്കുന്നു. ആഹാരസമ്പാദനവിഷയം സ്വതെ നമ്മുടെ ശ്രദ്ധക്കു വിഷയീഭവിച്ചുകൊണ്ടിരിക്കുന്ന ഒന്നാണു്. വിശേഷിച്ചും ഇന്നത്തെ യുദ്ധപരിതസ്ഥിതിയിൽ അതൊരു മുഖ്യ പ്രശ്നമായിത്തീർന്നിരിക്കുന്നു. എല്ലാമെമ്പറന്മാരും ആഹാരസാധനങ്ങളും കൂടുതലായി വിളയിക്കേണ്ടതിന്റെ അത്യാവശ്യത്തെപ്പറ്റി ഇവിടെ പറയുകയുണ്ടായി. നമ്മുടെ റിസർവ്വുവനങ്ങളിൽ ഒഴിച്ചിടുന്നു് രാജ്യത്തിനാവശ്യമുള്ള ആഹാരസാധനങ്ങളും വിളയിക്കാമെന്നു ചിലർ പ്രസ്താവിക്കുകയുണ്ടായി. റിസർവ്വിൽമാത്രം കൃഷി ചെയ്തു നമ്മുടെ ആഹാരസാധനത്തിനു ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന കുറവു നികത്തിക്കൊള്ളാമെന്നു വിചാരിക്കുന്നതു് ശരിയല്ലെന്നാണു് എന്റെ അഭിപ്രായം. ചില കണക്കുകളും ഉദ്ധരിച്ചു ഞാൻ ആ സംഗതി വെളിപ്പെടുത്താം. ഫസ്റ്റ് ടൈൽ സെൻസസു സംബന്ധിച്ചു് ഒരു സാമ്പത്തികസർവ്വെ കൂടി നടത്തുകയുണ്ടായല്ലോ. അതിന്റെ ഫലം സെൻസസ്സു് റിപ്പോർട്ടിൽ അനുബന്ധമായി ചേർത്തിട്ടുണ്ടു്. തിരുവിതാംകൂറിൽ ആ കണക്കനുസരിച്ചു ഒരാളിനു് ഫസ്റ്റ് സെൻറു് വെറ്റ്ലാന്റും സെക്കന്റ് സെൻറു ഡ്രൈലാന്റും ഉണ്ടു്. ഇതാണു് ഇപ്പോഴുള്ളതു്. റിസർവ്വിൽ നിന്നും ഏകദേശം ഒരു ലക്ഷം ഏക്കർസ്ഥലംകൂടി സ്വാമ്പി എന്നിയ ആയിട്ടു് എടുക്കാം. എന്റെ അനുഭവത്തിൽ നിന്നാണു പറയുകയാണു് ഇതു്. അപ്പോൾ ഒരാളിനു രണ്ടു സെൻറു വെറ്റ്ലാന്റുകൂടി കിട്ടി, ഫസ്റ്റ് സെൻറായി. എത്ര നന്നായി കൃഷി ചെയ്താലും കൃഷിപ്പിഴ, കരിവു് മുതലായവ തള്ളിയാൽ ബാക്കി ഇവിടെ കിട്ടുന്ന വിളവു് കൂടിവന്നാൽ ഫസ്റ്റ് മേനിയാണു്. ഇതുകൊണ്ടു് ഇവിടത്തെ ആഹാരസാധന ഉർദ്ധിക്ഷത നീങ്ങുകയില്ല. അതുകൊണ്ടു് മലംപ്രദേശങ്ങളിൽ തന്നെ, നെൽകൃഷിക്കു പറ്റിയതല്ലാത്ത ഭൂമികളിൽ മരച്ചീനി, പയർവർഗ്ഗം മുതലായവ കൃഷി ചെയ്യാം. മൂവായിരം അടിക്കു മേലുള്ള സ്ഥലങ്ങളിൽ നെല്ലുണ്ടാകുകയില്ല എന്നു പറയുന്നതു ശരിയല്ല. അവിടേയും നെല്ലുണ്ടാകും. ദേവികുളത്തു് ൪൫൦൦ അടി ഉയരംവരെ നെല്ലുണ്ടാകുന്നുണ്ടു്. പക്ഷേ, മൂന്നുമാസം കൊണ്ടു് വിളയുന്ന നെല്ലു് അവിടെ ആറുമാസം കൊണ്ടാണു വിളയുന്നതു്. എന്നാൽ ഗ്രാസ്ലാന്റിൽ നെ

LIBRARY ARCHIVES Kerala Legislative Assembly

ല്ലുണ്ടാകുകയില്ല. അവിടെ ഉരുളൻകിഴങ്ങു മുതലായവ ഉണ്ടാകും. ഈ മാതിരി കിടക്കുന്ന സ്ഥലത്തിൽ 2 @ ഏക്കർ സ്ഥലത്തു ഞാൻ ഉരുളൻ കിഴങ്ങു കൃഷി ചെയ്തു പരീക്ഷിക്കാൻ വിചാരിക്കുകയാണു. ദേവികുളത്തു പട്ടിക്കുടം പകുതിയിൽ ഒന്നും ഉണ്ടാകാത്ത കുറെ സ്ഥലം ഉണ്ടു്. അവിടെ ഗോതമ്പു വിളയും. ഇങ്ങനെയെല്ലാം ചെയ്താലും ഇവിടുത്തേക്കാവശ്യമുള്ള ആഹാരസാധനം പിന്നെയും പുറത്തുനിന്നും കൊണ്ടുവരേണ്ടിവരും. ഇങ്ങനെ കൊണ്ടുവരേണ്ടതായിക്കാണുന്ന ആഹാരസാധനങ്ങൾ ഇവിടുത്തെ ഡ്രൈലാൻറിൽ നിന്നു തന്നെ വിളയിച്ചെടുക്കണം. അഥവാ ആഹാരസാധനങ്ങൾ വിളയിച്ചെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ അവക്കുപകരം മറുപലതും വിളയിച്ചെടുക്കാം. നമ്മുടെ ഇറക്കുമതിക്കുവേണ്ടി വളരെ പണം നാം ചെലവാക്കുന്നു അതിനുപകരം കയറുമതിയിൽ നിന്നും നാം വരുത്തുകയും വേണം. പത്തു കുടംവെള്ളം കോരിഎടുത്താൽ പന്ത്രണ്ടു കുടം വെള്ളം ഉറവിൽ നിന്നും ഉണ്ടാകണം. ഇൻഡ്യയുടെ ആരാമമാണു് തിരുവിതാംകൂർ എന്നു കഴ്സൺപ്രഭു ഒരിക്കൽ പറയുകയുണ്ടായി. അതുവളരെ ശരിയാണു്. തിരുവിതാംകൂറിനെ ഏററവും മനോഹരമായ ഒരു ആരാമമാക്കിതീർക്കുവാൻ ശ്രമിക്കുകയാണു് വേണ്ടതു്. അതു കൊണ്ടു് ഇങ്ങനെയുള്ള സ്ഥലങ്ങളിൽ തെയില, റബ്ബർ മുതലായവ കൃഷി ചെയ്യണം, നെൽകൃഷി ചെയ്യണം. നെൽകൃഷി ചെയ്യാൻ സൌകര്യമില്ലാത്ത പല സ്ഥലങ്ങളിലും ഇവയൊക്കെ കൃഷി ചെയ്യാം.

MR. T. C. KESAVAPILLAI: ഒരാൾ എത്ര റബ്ബർ തിന്നുമെന്നു മെമ്പർക്കു പറയാമോ?

MR. TARIATU KUNJITHOMMEN: അതു് അസ്ഥാനത്തുള്ള ഒരു ചോദ്യമാണു. റബ്ബർ ആരും തിന്നുകയില്ലെന്നു സാമാന്യജനങ്ങൾക്കൊക്കെ അറിയാം. ഒരു മെമ്പർക്കു കൂടുതലായും അറിയാം. ആഹാരസാധനങ്ങൾ ഒന്നും ഉണ്ടാകാത്ത സ്ഥലങ്ങളിൽ ചക്രമായിട്ടു കിട്ടുന്നതിനു മറു കൃഷികൾ നടത്തേണ്ടതാണു്. ഇങ്ങനെയെല്ലാം ചെയ്യുമ്പോൾ ആഹാരദൗർലഭ്യം കുറെയൊക്കെ പരിഹരിക്കപ്പെടും. നമ്മുടെ രാജ്യത്തിനു ജനസംഖ്യയിലും മൂത്തലെട്ടപ്പിലും മൂന്നാമത്തെതാണെങ്കിലും വിസ്തീർണ്ണതയിൽ ഫസ്റ്റ്_ാമത്തെ സ്ഥാനമാണു് നാട്ടരാജ്യങ്ങളുടെ ഗണനയിൽ ഉള്ളതു്. ജനസംഖ്യ വളരെ കൂടുതലും ആണു്. അതുകൊണ്ടു് റിസർവിൽനിന്നും കുറെ സ്ഥലങ്ങൾ കൂടി എല്ലാ സമുദായത്തിലുംപെട്ട ഭൂമി ഇല്ലാത്ത ആളുകൾക്കു് പതിച്ചു കൊടുക്കണം. പിന്നീടു, വിദ്യാഭ്യാസമുള്ള യുവാക്കന്മാർക്കും കുറെസ്ഥലം കൊടുക്കണം. അഭ്യസ്തവിദ്യരായ യുവാക്കന്മാർ ഏതു തൊഴിലിൽ വിമുഖത കാണിക്കുന്നുവോ, ആ തൊഴിൽ അധ:പതിക്കുകയേ ഉള്ളു. ഇന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr Tariathukunjithommen]

നായർസമുദായം കൃഷിയിൽ വളരെ വിമുഖത കാണിക്കുന്നുണ്ട്. അവർ ഭൂസ്വത്തുടസ്ഥന്മാരായിരുന്നു. എന്നാൽ അളോഹരി ഭാഗത്തിനുശേഷം അവർ കൃഷിയിൽ വൈമുഖ്യം കാണിച്ചുതുടങ്ങി. എന്തായാലും ആ സമുദായത്തിലുള്ള യുവാക്കന്മാക്ക് കുറെ സ്ഥലം പതിച്ചുകൊടുത്തു് കൃഷിചെയ്യാൻ അവരെ പ്രേരിപ്പിക്കണം. കപ്പ, പയർ, ചേന, ചേമ്പു മുതലായ എളുപ കൃഷിയും ചെയ്യാം. വായുവേഗത്തിലാണ് ക്ഷാമദേവത നമ്മെ ഗ്രസിക്കുന്നതു്. പുറത്തുനിന്നും കുറെ അരി ഇവിടെ കൊണ്ടുവരാതെ ഇതെല്ലാം ചെയ്താലും, ഒക്കുകയില്ല. അതിലേക്ക് എത്രയും ലോറികൾ ഇപ്പോഴേ കരുതുന്നതു എറ്റവും ഉത്തമമായിക്കും.

MR. M. R. NARAYANAPILLAI : അളുകൾ ചുമന്നാൽക്കൂലി കിട്ടുകയില്ലേ?

MR. TARIATUKUNJITHOMMEN: കിട്ടും. പക്ഷേ, തഞ്ചാവൂരിൽനിന്നും അരിയും നെല്ലും ചുമന്നുകൊണ്ടു വരുവാനുള്ള അളുകളെ മെമ്പർക്ക് കൊടുക്കാൻ കഴിയുമെങ്കിൽ കൊള്ളാം.

അരി പുറത്തുനിന്നും കൊണ്ടുവരാൻ വാഹനത്തിന്റെ അസൗകര്യം കഴിവുള്ളിടത്തോളം നീക്കേണ്ടതാണ്. ഇപ്പോൾ പെട്രോൾ കിട്ടാൻ വിഷമം ഉള്ളതുകൊണ്ടു കരികൊണ്ടുകൊടിക്കുന്ന ലോറികൾ കൊണ്ടുവരണം. ഒരു അടിയന്തിരാവസ്ഥ വരുമ്പോൾ വേണ്ട മുൻകരുതലെല്ലാം ഉടനടി ചെയ്യണം. എല്ലാവരും ഐകൃതയോടുകൂടിയും സൗഹാർദ്ദമനസ്ഥിതിയോടുകൂടിയും പ്രവർത്തിക്കണം. ഗവണ്മെൻറും ജനങ്ങളും ഒത്തൊരുമിച്ചു പ്രവർത്തിക്കണം. ഉദ്യോഗസ്ഥന്മാക്ക്, അവർ ഉയർന്ന സ്ഥാനങ്ങളിൽ ഇരിക്കുന്നു, ജനങ്ങൾ കീഴെ ഇരിക്കുന്നു എന്നു വിചാരമുണ്ടെങ്കിൽ അതു കളയണം. അതുകൊണ്ടു വിശേഷിച്ചും ഈ ഘട്ടത്തിൽ അവർ സാധുജനങ്ങളുടെ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുകയും അവരുടെ ക്ലേശങ്ങൾ അറിയാൻ ശ്രമിക്കുകയും പരിഹാരമാർഗ്ഗം അവക്കുവേണ്ട ഉപദേശം കൊടുക്കുകയും ചെയ്യണം. എന്നാൽ ഇന്നു ചില ഉദ്യോഗസ്ഥന്മാർ അങ്ങനെ ചെയ്യുന്നില്ല. ഞാൻ എല്ലാവരെയുംപറ്റി പറയുന്നില്ല. റവന്യൂവകുപ്പിൽ ഇപ്പോൾ ഒരു ഡയറക്ടർ ഇല്ലെങ്കിലും ഒരു നല്ല സെക്രട്ടറിയുണ്ട്. നല്ല പേഷ്കാരന്മാർ ഉണ്ട്. കർഷകജനതയ്ക്കാണ ഇപ്പോഴും സങ്കടമുള്ളതു. ഉദ്യോഗസ്ഥന്മാരെക്കൊണ്ടുള്ള അക്രമവും ഉപദ്രവവും സഹിക്കേണ്ടിവരുന്നതു കർഷകരാണു. കൃഷി ഒരു മാന്യമായ തൊഴിലാണെന്നും അതു് എല്ലാവരും ചെയ്യേണ്ടതാണെന്നും ഉള്ള ബോദ്ധ്യതയോടുകൂടി എല്ലാ ഉദ്യോസ്ഥന്മാരും ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കേണ്ട ഒരു സന്ദർഭമാണു ഇതു്

LIBRARY ARCHIVES Kerala Legislative Assembly

At this time the Deputy President took the chair.

MR. P. C. ADICHAN: സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു രണ്ടു വാക്ക് സംസാരിക്കണമെന്നു ഞാൻ അഭ്യർഥിക്കുന്നു. അതായതു അൽപ്പം മുൻപു് പ്രസംഗിച്ച ശ്രീമാൻ തരുതുകുഞ്ഞിത്തൊമ്മൻ അവർകൾ വനത്തിൽനിന്നും, സ്ഥലമില്ലാത്ത അവശസമുദായക്കാക്കു് സ്ഥലം പതിച്ചുകൊടുക്കണമെന്നു പറഞ്ഞതിൽ പ്രത്യേകം നന്ദിപറഞ്ഞുകൊള്ളുന്നു. എന്നാൽ ബഹുമാനപ്പെട്ട ഗവണ്മെൻറിൽ നിന്നും അനേകായിരം ഏക്കർ സ്ഥലം പതിച്ചുകൊടുത്തിട്ടുള്ളതായും അതെല്ലാം ഇപ്പോൾ മിഷ്യനറിമാരുടെ കൈവശമായിത്തീർന്നതായും അന്വേഷണത്തിൽ അറിയാവുന്നതാണു്. ഇങ്ങനെ സംഭവിക്കാനുള്ള കാരണം ഇതിനുമുൻപു് പതിച്ചുകൊടുത്തിട്ടുള്ള സ്ഥലങ്ങളെല്ലാം മിഷണറിമാരും അതുപോലെ സ്വാർത്ഥലാഭത്തിനുവേണ്ടി പ്രവർത്തിക്കുന്നവരും കൈക്കലാക്കുന്നതിനു വേണ്ടി പാവപ്പെട്ടവരുടെ പേരിൽ പതിച്ചിട്ടുള്ളതാണു്.

സർ, അതിനാൽ അവശസമുദായങ്ങൾക്കു് വനത്തിൽനിന്നും സ്ഥലം പതിച്ചുകൊടുക്കുന്നുവെങ്കിൽ അതിനെ സംബന്ധിച്ചു് ശരിയായ അന്വേഷണം നടത്തിയതിൻറെ ശേഷം മാത്രമേ പാടുള്ളു എന്നു് ഞാൻ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു. ഈ അവസരത്തിൽ ഒരു സംഭവം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ഞാൻ അഭ്യർഥിക്കുന്നു. അതായതു് കുറെ വേടരും ക്രിസ്തുമതത്തിൽ പോയ കുറെ കുറവരും ഹിന്ദുക്കളായ ഏതാനും കുറവരും ചേർന്നു സിദ്ധനാർ എന്ന പേരോടുകൂടി വനത്തിലുള്ള ചതിപ്പുനിലങ്ങളുള്ളതു വിട്ടുകൊടുക്കുന്നതിനു് ഗവണ്മെൻറിൽ അപേക്ഷകം കൊടുത്തിട്ടുള്ളതായി അറിയാം. ബഹുമാനപ്പെട്ട ദിവാൻജിയെ തെറ്റിദ്ധരിപ്പിക്കുന്നതിനായി മംഗളപത്രം കൊടുക്കുകയും അതിൻറെ പ്രതികൾ പാവപ്പെട്ട ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്കയും ചെയ്തിട്ടു് മഹാരാജാവു് തിരുമനസ്സുകൊണ്ടു് വനം സാധുക്കൾക്കായി ഒഴിഞ്ഞുകൊടുക്കാനായി തീരുമാനപ്പെടുത്തിയെന്നും നാട്ടിൻപുറങ്ങളിലുള്ള നിങ്ങളുടെ സ്ഥലം വിറ്റു ശുപാ തന്നാൽ വനത്തിൽനിന്നും നമുക്കു കിട്ടുന്ന സ്ഥലത്തിൽ നല്ല ഭാഗം നിങ്ങൾക്കും തരാമെന്നും പറഞ്ഞു് ഈ സിദ്ധനാർ എന്നു പറയുന്നവരുടെ പ്രമാണികൾ ധാരാളം പണം പിരിക്കുകയും കുളത്തുപ്പുഴയിലുള്ള കടമാൻകോട്ട, കുഴിവിളകരിക്കം എന്നീ സ്ഥലങ്ങളിൽ പ്രവേശിക്കുകയും ഇരുന്നൂറിൽപരം ആളുകളെ വനം അധികാരികൾ കഠിനമായി ഉപദ്രവിക്കുകയും ചെയ്തിട്ടുണ്ടു്.

സർ, ഇതു് ഒരു വക്കീലിൻറെ പ്രേരണയിലാണെന്നും ധാരാളം പണം ഈ വക്കീൽ കൈക്കലാക്കിയിട്ടുണ്ടെന്നും അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

MR. PULIYOOR T. P. VELAUDHAN PILLAI: വക്കീൽ ആരാണ്?

MR. P. C. ADICHAN: അതു ഞാൻ പറയണമെന്നാഗ്രഹിക്കുന്നില്ല.

MR. T. T. KESAVAN SASTRI: ഏതു ജാതിയിൽപ്പെട്ട ആളാണെന്നു പറയാമോ?

MR. P. C. ADICHAN: ഒരു ക്രൈസ്തവനിയാണെന്നറിയാം.

സർ, അഞ്ചാറുമാസങ്ങൾക്കു മുൻപു ഈ വക്കീൽ ചക്രവും വാങ്ങി വക്കീലിന്റെ ഗുമസ്ഥനെ ഒരു കാറുമായി കുളത്തുപ്പുഴ റോഡിൽ അയക്കുകയും അഞ്ചൂറിൽപരം ആളുകളെയും അവരുമായി കൊണ്ടുചെന്നിട്ടു ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ അനുവാദം വനത്തിൽ പ്രവേശിപ്പിക്കുവാൻ ഉണ്ടെന്നും ഉടൻ പ്രവേശിക്കണമെന്നും മേൽ പറയപ്പെട്ട വക്കീൽ ഗുമസ്ഥനും സിദ്ധനാരുടെ പ്രമാണികളും ചേർന്ന് പറഞ്ഞു വിശ്വസിപ്പിച്ചതിനാലാണ് അനവധി സാധുക്കൾക്ക് അടികിട്ടിയതു്.

സർ, ഇക്കൂട്ടത്തിൽ ഒന്നു രണ്ടു സ്ത്രീകൾ ഓടിയ ക്കൂട്ടത്തിൽ അവക്കു പരുക്കു പറ്റിയതു് ക്രൂരതെ അവരുടെ വസ്ത്രങ്ങൾ നഷ്ടപ്പെട്ടുപോകുകയും അവരെ ക്രൈസ്തവനികൾ തട്ടിക്കൊണ്ടുപോകുകയും ചെയ്തു.

സർ, പത്തനാപുരം താലൂക്കിൽ അഞ്ചൽ പകുതിയിൽ ഒരു സാധുകാവന്റെ ഒന്നര രൂപ വിലവരുന്ന ഒരു കാളയെ വിറ്റിട്ടു ആ പണം ഈ സിദ്ധനാർപ്രമാണികൾ വാങ്ങിക്കുകയും ആ കാളയുടെ ഉടമസ്ഥന്റെ ഭാര്യക്ക് നാലഞ്ചു മാസമായി കാലിൽ വ്രണമായി കിടന്നിരുന്നതു കണ്ടിട്ട് ഈ സ്ത്രീയെക്കൂടെ തിരുവനന്തപുരത്തു കൊണ്ടുപോകണമെന്നും ഈ വ്രണം കണ്ടാൽ ഭിവാൻജി ഉടനെ സ്ഥലം വിട്ടതരമെന്നും പറഞ്ഞു ആ സ്ത്രീയെക്കൂടെ തിരുവനന്തപുരത്തു കൊണ്ടുവരികയും ഏഴെട്ടു ദിവസം കഴിഞ്ഞിട്ട് തിരിയെ അയക്കുകയും ചെയ്ത കഥ എനിക്കറിയാം. അതുപോലെ ചില വേടരുടെ സ്വന്ത സ്ഥലങ്ങളും നശിപ്പിച്ചിട്ടുള്ളതായി എനിക്കറിയാം. അതിനാൽ ഈ സിദ്ധനാർ സംഘക്കാർക്ക് ഒരു സെൻറു സ്ഥലം പോലും പതിച്ചുകൊടുക്കുവാൻ പാടില്ലെന്നും കൊടുക്കുന്ന പക്ഷം മുൻപറഞ്ഞ വക്കീലോ അതുപോലെയുള്ള മറ്റാരെങ്കിലുമോ കൈക്കലാക്കാനാണെന്നും അല്ലാതെ അവശസമുദായത്തിൽപ്പെട്ടവർക്കല്ലെന്നും അതിനാൽ ഈ മാതിരി കാര്യങ്ങളിൽ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കണമെന്നും അറിയിച്ചുകൊള്ളട്ടെ.

സർ, ഇതെല്ലാം പറഞ്ഞതുകൊണ്ടു് അവശസമുദായക്കാർക്കും വനത്തിൽ നിന്നും സ്ഥലം വിട്ടുകൊടുക്കണ്ട എന്നല്ല. ഓരോ സമുദായത്തിലും ആ സമുദായത്തിലെ നേതാക്കന്മാരുടെ അറിവോടുകൂടി സ്ഥലം വിട്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നപക്ഷം ആ സ്ഥലം ഒരുത്തരും തട്ടിക്കൊണ്ടുപോകുകയില്ല. എന്നുമാത്രമല്ല ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ കാരുണ്യം ഉണ്ടായി ഇപ്പോൾ നൂറോളം പേർ തന്നെ കാളേജിൽ വായിക്കുന്നുണ്ടു; അവരെല്ലാം നാട്ടിൻെറ പല ഭാഗത്തുള്ളവരാണു്. അങ്ങനെ വിവരമുള്ളവർ പല യിടങ്ങളിൽ ഉള്ളതുകൊണ്ടു് ഇന്നു സാധുക്കളെ കളിപ്പിക്കുവാൻ സാധ്യമ ല്ല. അതുപോലെതന്നെ പത്തനാപുരം താലൂക്കിൽ പുനലൂർ പകുതിയിൽ ഒരു സെൻറു സ്ഥലം പോലും അവശസമുദായക്കാർക്കു് പതിക്കുവാൻ ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നും തിരിച്ചുവച്ചിട്ടില്ല. വാളാ യിക്കോടു്, ഇടമണ, കുളത്തുപ്പുഴ, കൂട്ടനാടു് ആനക്കുളം എന്നീ സ്ഥലങ്ങ ളിൽ താമസിക്കുന്ന കുറവർക്കു് പ്രത്യേകിച്ചു് ഒരു സെൻറു സ്ഥലം പോ ലുമില്ല. ഇവരുടെ നിവാസത്തിനായി വനത്തിനു വല്യ കേടില്ലാത്ത വിധത്തിൽ കുറെ സ്ഥലമെങ്കിലും പതിച്ചുകൊടുക്കുന്നതു വലിയ അനുഗ്ര ഹമായിരിക്കും.

സർ, ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നും ഒഴിച്ചുവച്ചിട്ടു ള്ള സ്ഥലങ്ങളിൽ ഭൂരിഭാഗവും താമസിക്കാൻ കൊള്ളരുതാത്ത പാറപ്പുറ വും ബാക്കിയുള്ളവയിൽ മുക്കാൽ ഭാഗവും പലരുടെയും കൈവശവുമാ ണു്. അതിനാൽ വനത്തിൽ നിന്നും കുറെ സ്ഥലം ഒഴിച്ചുകൊടുക്കാതെ നിവർത്തിയില്ലെന്നു അറിയിച്ചുകൊണ്ടും അതുപോലെതന്നെ കൃഷിക്കു സൗകര്യമുള്ള സ്ഥലങ്ങൾ ജാതിമതഭേദമെന്യേ ഏവർക്കും പതിച്ചുകൊടു ക്കണമെന്നും അപേക്ഷിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ ബലമാ യി പിൻതാങ്ങുന്നു.

MR. N. NARAYANA KURUP: സർ, തിരുവിതാംകൂർ ഗവണ്മെൻറിൻെറ ശ്രദ്ധയെ ആകർഷിക്കുന്ന ഈ ഉപക്ഷേപത്തിലെ തത്വത്തോടു് ബഹു മാനപ്പെട്ട സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ അവർകൾ ജനസംഖ്യാ നുപാതികവാദമുപേക്ഷിച്ചു് സർവ്വസമുദായമൈത്രി കാംക്ഷിച്ചു് ഈ കാര്യ ത്തിൽ യോജിച്ചു് അഭിപ്രായപ്പെട്ടതിൽ ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു.

MR. P. S. MUHAMED: ജനസംഖ്യാനുപാതികവാദം ഉപേക്ഷിച്ചു് എന്നാണോ പറഞ്ഞതു്?

MR. N. NARAYANA KURUP: ഈ കാര്യത്തിൽ ഉപേക്ഷിച്ചു എന്നാണു് പറഞ്ഞതു്. ഇന്നു തിരുവിതാംകൂറിൽ ആഹാരത്തിനു മതിയായ നെല്ലു് വിളയുന്നില്ലെന്നും അതിലേക്കു് റിസർവ്വുവനങ്ങളിലുള്ള സ്ഥലങ്ങൾ കൃഷി ക്കായി ഒഴിപ്പിച്ചുകൊടുക്കണമെന്നും അപ്രകാരമുള്ള സ്ഥലങ്ങൾ രജിസ്റ്റർ ചെയ്തുകൊടുക്കാൻ നിവർത്തിയില്ലെങ്കിൽ പാട്ടമായെങ്കിലും കൊടുത്തു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Narayana Kurup]

നെല്ലിന്റെ വിളവ് വർദ്ധിപ്പിക്കണമെന്നും എല്ലാ മെമ്പറന്മാരും ഏകോപിച്ച് അഭിപ്രായപ്പെട്ടിട്ടുണ്ട്. മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതുപോലെ പള്ളിവാസൽ, കുമിളി മുതലായ സ്ഥലങ്ങളിൽ ഒരു ലക്ഷം ഏക്കറോളം സ്ഥലങ്ങൾ നെൽകൃഷിക്കുപയോഗിക്കാവുന്നതായുണ്ടെന്ന് എനിക്കും അന്വേഷണത്തിൽ അറിയാൻ ഇടയായി. ഇവിടത്തെ വിളവിന്റെ കണക്ക് നോക്കിയാൽ ഒരു ലക്ഷം പറ നെല്ല് കൂടി ഈ നാട്ടിൽ വിളയിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഏകദേശം നൂറുപറ നെല്ലിൽ നിന്നും ഒരു ചാക്കരി എടുക്കാമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അങ്ങനെയുള്ള കണക്കനുസരിച്ച് കുറഞ്ഞ പക്ഷം മുപ്പതിനായിരം ടൺ അരിക്കൂടി കിട്ടുന്നതിനും നെല്ലുണ്ടാക്കാം. ഒരു ലക്ഷം പറ നെല്ല് കൂടി ഇവിടെ വിളയിക്കാൻ സാധിക്കുമെങ്കിൽ വെളിയിൽ നിന്നും ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്ന നെല്ലിന്റെ ശരിയായ ഒരു ഭാഗം ഇവിടെ നമുക്ക് വിളയിക്കാൻ സാധിക്കും. വട്ടവിളയിലുള്ള ഗോതമ്പുകൃഷിയെ സംബന്ധിച്ച് മി. കുഞ്ഞിത്തൊമ്മൻ അഭിപ്രായപ്പെട്ടു. എന്റെ ഒരു സ്നേഹിതൻ പറഞ്ഞതും ഒരേക്കറിൽ ഏകദേശം ൨൦ മുതൽ ൪൦ വരെ മേനി ഗോതമ്പു വിളയുന്നുവെന്നാണ്. ഇക്കാര്യങ്ങളെല്ലാം ആലോചിച്ചുനോക്കുമ്പോൾ നമുക്കത്യാവശ്യമായ ഗോതമ്പും കിഴങ്ങുവർഗങ്ങളും നെല്ലും മലംപ്രദേശങ്ങളിൽ ഉണ്ടാക്കാൻ സാധിക്കുമെന്നും ഇന്നത്തെ അടിയന്തിരപരിതസ്ഥിതിയിൽ അതിനുവേണ്ടിയുള്ള സകല സൌകര്യങ്ങളും ഗവണ്മെന്റ് ചെയ്തു തരേണ്ടതത്യാവശ്യമാണെന്നും പറയാതെ തരമില്ല. എന്തെല്ലാം തടസ്സങ്ങൾ നേരിട്ടാലും താൽക്കാലികമായ ഈ അത്യാവശ്യത്തിനുവേണ്ടി ഈ മാതിരിയുള്ള സ്ഥലങ്ങൾ പാട്ടമായിട്ടോ രജിസ്റ്റർ ചെയ്തോ കൃഷി ചെയ്യാൻ കൊടുക്കുന്നതിൽ ഗവണ്മെന്റ് യാതൊരു മടിയും കാണിക്കാൻ പാടില്ല. ആവശ്യത്തെ പരിഗണിച്ച് കൺസർവേറ്ററും കൃഷി ഡയറക്ടരും ഏകോപിച്ചു പ്രവർത്തിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

DEPUTY PRESIDENT: Your time is up.

MR. P. KUNJUKRISHNAN: Sir, this is a matter in which we have to proceed very cautiously. The motion says that forest lands should be leased out for the cultivation of food stuffs. It does not say which kind of lands, whether swampy areas, grassy lands or places where there is tree growth, should be leased out. The motion is given in a

LIBRARY ARCHIVES Kerala Legislative Assembly

general manner. Forest is one of our greatest assets in so many respects. We have already taken measures which have contributed to the destruction of forests. So any steps we take hereafter which would bring about a further destruction of the forest must be done very cautiously and only on expert advice taken for the purpose.

Now, Sir, destruction of forests will contribute to decrease in rain fall and secondly, it will contribute to floods in the land, so much so that what little cultivation we have at present will be destroyed by those floods. When trees are cut down from the forests it is natural that the soil will be washed down and that the water which is expected to remain at certain altitudes will rush down to the plains causing floods and thus destroying crops. This will, especially at the present moment, add to the difficulties of the food problems. But these are points againt opening of forests for new cultivations. But the question of food has become very acute and it has now attracted the attention of both the people and the Government. We have heard various suggestions made for increasing the possible extent of the area of cultivation in the land. We have also heard much about intensive cultivation. Now, Sir, the allocation of the swampy areas in the forest for cultivation purposes has also been advocated here. But so far as I know the swampy areas are very limited in extent. Even supposing we utilise all the swampy areas available for cultivation purposes I doubt whether this will serve the purpose to any appreciable extent. Now, Sir, the proportionate increase of population when compared with the extent of arable lands available is very alarming. And even if all the forest lands are cultivated, there will come a time when the food problem will remain as acute as at present.

MR. M. R. NARAYANA PILLAI: May I know whether disafforestation is not adopted as a method for extending the area of cultivation in other countries ?

MR. P. KUNJUKRISHNAN: That may be. But our problems are different. Now Sir, there are large areas of grassy lands in our forest regions. They can be made suitable for cultivation purposes. Certain advanced countries have adopted this method and have made themselves self-supporting in the matter of production of foodstuffs. Further, attempts made for the production of paddy in those lands where paddy would grow well and cultivation of other food crops where paddy could not be grown and also a change in our dietetic system, all these factors will help us to solve the present serious problem of food supplies. This we must do under expert advice.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know whether the honourable member is supporting or opposing the motion.

MR. P. KUNJUKRISHNAN: The honourable member can have any inference he likes.

MR. T. T. KESAVAN SASTRI: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഈ പ്രശ്നം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. വിശേഷിച്ചും ഇന്നത്തെ സ്ഥിതിക്ക് റിസർവുകളിലെ ചതുപ്പുനിലങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്ക് ഒഴിച്ചു നൽകേണ്ടതു് ഏറ്റവും ആവശ്യമാകുന്നു. നമ്മുടെ വനങ്ങളിൽ നെൽകൃഷിക്കു പറ്റിയ ധാരാളം ചതുപ്പുനിലങ്ങൾ ഉണ്ടു്. ആവശ്യമേനി വിളയുന്ന സ്ഥലങ്ങൾ വളരെ ഉണ്ടെന്നു പറഞ്ഞാൽ അതു് പരമാർത്ഥം മാത്രമാണു്. നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറു് പ്രത്യേകം ശ്രദ്ധിച്ചു വരുന്ന ഈ സന്ദർഭത്തിൽ ഇതെന്നു പരീക്ഷിച്ചു നോക്കേണ്ടതാണു്. ആദായങ്ങളില്ലാതെ ചതുപ്പുനിലങ്ങൾ ഇങ്ങനെ വെറുതെയിടുന്നതു് ഒട്ടും ശരിയല്ല. തിരുവിതാംകൂറിൽ നെൽകൃഷിക്കു പ്രാധാന്യമർഹിക്കുന്നതു് കുട്ടനാടും നാഞ്ചിനാടും അല്ലെല്ലോ. എന്നാൽ ചതുപ്പുനിലങ്ങളിലെ നെൽകൃഷിയെ പരിശോധിച്ചാൽ കുട്ടനാടും നാഞ്ചിനാടും പുറകിലാകാനെ തരമുള്ളൂ. കുട്ടനാട്ടിൽ പഴനിലങ്ങൾ ഇട്ടു പതിവു് നിറുത്തലാക്കി കൃഷി ചെയ്തുതുടങ്ങിയിരിക്കയാണു എന്നാണു് എന്റെ അറിവു്. പഴനിലങ്ങൾ ഇട്ടും ഇടാതെയും ചെയ്യുന്ന നെൽകൃഷിയിൽ നിന്നും കൂടുതൽ മെച്ചമായ വിളവുകൾ യാതൊരു വളങ്ങളും ഉപയോഗിക്കാതെ കിട്ടാൻ സാധിക്കുന്ന ചതുപ്പുനിലങ്ങൾ കൊണ്ടു് സമ്പാദിക്കാവുന്നതാണു്. ചങ്ങനാശ്ശേരി, പത്തനംതിട്ട, പത്തനാപുരം, തൊടുപുഴ, വിളവംകോടു്, നെടുമങ്ങാടു എന്നീ താലൂക്കുകളിലെ റിസർവു വനങ്ങളിലാണു് കൂടുതൽ ചതുപ്പുനിലങ്ങൾ ഉള്ളതു്. ആഹാരസമ്പാദനത്തിനു വേണ്ട കഴിവുകൾ ഉപയോഗിക്കുന്ന ഗവണ്മെൻറിനു, ഈ പരീക്ഷണത്തിൽ വിജയമല്ലാതെ പരാജയമുണ്ടാകുമെന്നു് യാതൊരു തരത്തിലും ശങ്കിക്കേണ്ടതായിട്ടില്ല. ചതുപ്പുനിലങ്ങൾ സാധാരണ മലയിടുക്കുകളിലും, പതാലുകളിലുമായിരിക്കും. ഇവിടെ രാജകീയവൃക്ഷങ്ങളോ മറ്റു് ആദായസാധ്യതകളൊ സാധനങ്ങളൊ ലഭിക്കാവുന്നതല്ലെന്നാണു് എന്റെ അഭിപ്രായം. മരച്ചീനിയോ, മറ്റു കൃഷികളോ ചതുപ്പുനിലങ്ങളിൽ നടത്താമോ എന്നു സംശയമാണു്. എന്തായാലും അഭിപ്രായഭിന്നതകൾ ഉണ്ടാകാത്ത നിലയിൽ ഗവണ്മെൻറു് ചതുപ്പുനിലങ്ങളിലെ നെൽകൃഷിയെ ഒന്നു പരീക്ഷിച്ചുനോക്കുന്നതു് ഏതുകൊണ്ടും ഉണകരമായിരിക്കും. ഫോറസ്റ്റു് അധികാരികളുടെ അനുകൂലമായ തീരുമാനവും സഹകരണവും ഗവണ്മെൻറിനെ ഈ വിഷയത്തിൽ മുമ്പോട്ടുപ്പോകുന്നതിനു വിചാരിക്കുന്നു. ജനങ്ങൾ പല വിധത്തിൽ സങ്കടപ്പെടുന്നു, ദാരിദ്ര്യദുഃഖം അനുഭവിക്കുന്നു, ഒന്നിനൊന്നിനു് ആഹാരദൗർലഭ്യമാണുണ്ടാകുന്നതു്. ഈ പരിതസ്ഥിതിക്കു് ആവുന്ന പരിഹാരങ്ങളുടെ കൂട്ടത്തിൽ ഇതിനുള്ള സാധ്യതയും ഗണനീയമാണു്. ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

RAO BAHADUR T. V. VENKITESWARA AIYAR: Sir, I beg leave of the House to thank the honourable members for their valuable suggestions and also for their thrashing out the pros and cons of the principle underlying the cut motions. But time is short and so I cannot attempt any elaborate disquisition on the points raised by the honourable members. But I may say that the principle underlying this cut motion has already been accepted by Government. Applications have been received for the leasing out of the swampy areas within the reserve forests. The Government have been pleased to pass favourable orders in the case of one or two applications and recommendations have been submitted to Government for the sanction of a few more others. But I must be failing in my duty to this honourable House if I do not emphasize the fact that our forests should not be tampered with as they are one of our very valuable assets. It would be apparent to the honourable members that our forest revenue was only about 15 lakhs 2 or 3 years ago. But the revised budget of the present year shows that it has mounted up to 26 lakhs. I hope I will not be betraying any confidence if I inform the House that out of this 26 lakhs not more than 2 lakhs will be the total income from the special fellings to meet the war demand. These special fellings were made on a very conservative basis. Therefore we can understand the real value of our forests and it is really good fortune for the State to possess them. It would also be interesting for the honourable members to know that what was considered till now comparatively poor forests have risen much in value. For example the Kodumon Reserve was in demand for Rs. 700 per acre. The areas near Punalur were offered 1,000 rupees per acre. Therefore the policy of Government will be to lease out such lands provided such leases would not encroach upon the conservancy of forests surrounding the swampy areas.

Sir, there is an impression prevailing among the public that swampy areas in the forests are very extensive. One applicant stated that there was about 75,000 acres of swampy areas in a particular place, I went over there to inspect but found only 1,000 acres. On another occasion where it was said there was 1,000 acres of swampy area I found only 100 acres. It will therefore be seen that is exaggerated.

MR. N. RAMAKRISHNA PILLAI (*Vaikom cum Kottayam*): May I know whether the honourable member has made the actual survey of these swampy areas?

RAO BAHADUR T. V. VENKITESWARA AIYAR: No, Sir. But the honourable member may take it from me we are better authorities to estimate the extent of swampy areas in the reserve forests than any lay man.

MR. KOTTALIL P. ABRAHAM: May I know whether the honourable member could furnish a list of swampy areas available for cultivation?

RAO BAHADUR T. V. VENKITESWARA AIYAR: We have already prepared a list of swampy areas. But whether all of such areas are available for cultivation requires the examination of each plot. What

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur T. V. Venkiteswara Aiyar.]

I have to state is that it is the policy of this Government to lease out such of these swampy areas for cultivation purposes as will not result in permanent danger to forest conservancy.

As a rule we are following that policy.

MR. N. VELU ACHARI : സ്വന്തമായി സ്ഥലമില്ലാത്തവർക്ക് എല്ലാവർക്കും പതിച്ചുകൊടുക്കുമോ?

RAO BAHADUR T. V. VENKITESWARA AIYAR : സ്ഥലം ഇല്ലാത്തവർക്കുകൂടി കൊടുക്കുന്നതിന് ഒരു വിരോധവുമില്ല. അവർക്കുകൂടി കൊടുക്കാൻ തയ്യാറാണ്.

MR. N. VELU ACHARI : എപ്പോഴാണ് ഇപ്രകാരം പതിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്നത്?

RAO BAHADUR T. V. VENKITESWARA AIYAR : അവർ ആവശ്യപ്പെടുമ്പോൾ ഗവണ്മെൻറ് അതിനെപ്പറ്റി ആലോചിക്കും. അല്ലാതെ ഇപ്പോൾ കൊടുക്കേണ്ട ആവശ്യമില്ലല്ലോ.

RAO BAHADUR T. V. VENKITESWARA AIYAR : As regards the leasing out of areas other than swampy, it may interest the honourable members to know that over eight hundred acres have been set apart for such leases. But I regret to state that no application has yet been received for 200 acres of such land. This was advertised and several people were told about it. It will therefore be seen that the demand for such lands is not as keen as it has been made out in this House. Government are prepared to lease out such areas wherever available under the Taungya system. But on the termination of the period of the lease the lands should contain, instead of grass, valuable forest trees. As regards the leasing out of grassy hills for Taungya in Vattavadai and other places, I may inform the honourable members that there is an application for the leasing of certain areas about Arakulam known as Vyramani Kandom. On inspection it was found that most of the areas in the locality is covered by grass. A scheme was then submitted to Government pointing out that these areas could be made suitable for permanent cultivation of paddy and cocoanuts. Government have ordered that a detailed scheme should be formulated in collaboration with the Chief Engineer and the Director of Agriculture. A scheme will be prepared and submitted to Government as soon as possible.

DEPUTY PRESIDENT : The honourable member's time is up.

The cut motion was withdrawn and the demand was put to vote and passed unanimously.

DEPUTY PRESIDENT : The House will now adjourn to meet again tomorrow at 11 of the clock.

The House adjourned at 5·4 p. m,

Trivandrum, 24th July 1942.

V. S. ARUMUKHOM PILLAI,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly